(ഡി) ഇതിനകം 16 യൂണിറ്റുകൾക്കായി 25 ഏക്കറോളം സ്ഥലം നൽകി കഴിഞ്ഞു.

(ഇ) 2005 അവസാനത്തോടെ ഇതിനകം സ്ഥലം വാങ്ങിയ എല്ലാ യൂണിറ്റുകളും ഉൽപാദനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

41 [3049] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങൾ നിരോധിക്കാനും ഫലപ്രദമായി നിയന്ത്രിക്കാനും സർക്കാർ സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) കുന്നു നിരത്തൽ, വയൽ നികത്തൽ, അനധികൃത മണലൂറ്റ്, മണൽ മാഫിയകളുടെ പ്രവർത്തനം തുടങ്ങിയവ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വകുപ്പിന്റെ കാര്യക്ഷമത കൂട്ടുന്നതിനായി താലൂക്കുതല ഓഫീസ് തുടങ്ങാനുള്ള സബ്ജക്ട് കമ്മറ്റി നിർദ്ദേശത്തിൽമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. ഖനന പ്രവർത്തനം മൂലമുണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ജിയോ ടെക്നിക്കൽ ആന്റ് എൻവയോൺമെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. ഖനന പ്രവർത്തനം സംബന്ധിച്ച ആക്ടിലും ചട്ടങ്ങളിലും പരിസ്ഥിതി പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ നിലവിലുള്ളതിനാൽ പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നിയന്ത്രിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താലൂക്ക് തലത്തിൽ ആഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നടപ്പാക്കേണ്ടതില്ലെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ

42 [3050] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡ് മുഖേന കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വെള്ളനാതുരുത്ത് പ്രദേശത്തെ അതിരൂക്ഷമായ കടലാക്രമണം തടയുന്നതിന് വെൽഫയർഫണ്ട് ബോർഡ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഏതു വർഷത്തെ ആക്ഷൻ പ്ലാനാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തുക വിനിയോഗിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഏതെല്ലാം പഞ്ചായത്തുകൾ എത്ര ശതമാനം വീതം തുകയാണ് വിനിയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡ് മുഖേന കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു. ആലപ്പാട് പഞ്ചായത്ത് മാത്രമേ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മൈനിംഗ് ഏരിയാ വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ളു.

1. ആലപ്പാട് പഞ്ചായത്ത് ഫിഷറീസ് ബോയ്സ് സ്കൂൾ, ആലപ്പാടിന് 2,71,000 രൂപ ചെലവാക്കി ആഡിറ്റോറിയം നിർമ്മിച്ചു.

2. അഴീക്കൽ പി. എച്ച്. സെന്ററിലെ ഡോക്ടർമാർക്ക് താമസിക്കുന്നതിന് 2,50,000 രൂപ മുടക്കി ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു.

3. ആലപ്പാട് വാർഡ് 1-ൽ ചന്ദ്രൻ മുക്കു മുതൽ കായൽ തീരം വരെ 2,07,500 രൂപ മുടക്കി റോഡ് നിർമ്മിച്ചു.

4. ഗവ: ഹൈസ്കൂൾ ചെറിയഴീക്കലിന് 3,00,000 രൂപ ചെലവാക്കി മിനിസ്റ്റേഡിയം നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly